**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1315** **27-07-2021 - ൽ മറുപടിയ്ക്ക്**

**കുളമ്പ് രോഗ വ്യാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ രമേശ് ചെന്നിത്തല** | | **Smt J Chinchurani (മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഹരിപ്പാട് മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ കുളമ്പ് രോഗം പടർന്നുപിടിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തിൽ എന്ത് പ്രതിരോധ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ? | (ബി) | ഹരിപ്പാട് മണ്ഡലത്തിലെ ചേപ്പാട്, ചിങ്ങോലി, ചെറുതന, കരുവാറ്റ, മുതുകുളം, പള്ളിപ്പാട്, ഹരിപ്പാട് മുൻസിപ്പാലിറ്റി എന്നിവിടങ്ങളിലാണ് കുളമ്പുരോഗം റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഈ പഞ്ചായത്തുകളിലായി ആകെ 268 മൃഗങ്ങൾക്ക് രോഗം ബാധിച്ചിട്ടുണ്ട്. രോഗം റിപ്പോർട്ട് ചെയ്തപ്പോൾ തന്നെ കൺടെയ്മെന്റ് വാക്സിനേഷൻ ആരംഭിച്ചിരുന്നു. ആകെ 2871 മൃഗങ്ങളെ വാക്സിനേഷന് വിധേയമാക്കിയിട്ടുണ്ട്. രോഗം നിയന്ത്രിക്കുന്നതിനായി രോഗം ബാധിച്ച പഞ്ചായത്തുകളിലും അതിർത്തി പഞ്ചായത്തുകളിലുമാണ് വാക്സിനേഷൻ നടത്തിയിരിക്കുന്നത്. മാത്രമല്ല രോഗ നിയന്ത്രണത്തിനായി അടിയന്തിര ചികിത്സയും മരുന്നും മറ്റ് അണുനാശിനികളും വിതരണം ചെയ്തിട്ടുണ്ട്. രോഗതീവ്രത കൂടിയ പഞ്ചായത്തുകളിൽ അടിയന്തിര സേവനത്തിനായി മൊബൈൽ വെറ്ററിനറി യൂണിറ്റിന്റെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. രോഗം ബാധിച്ച പഞ്ചായത്തുകളിലെ വെറ്ററിനറി സർജൻമാർ ഫീൽഡ് തലത്തിൽ സന്ദർശനം നടത്തി ആവശ്യമായ നിർദ്ദേശം നൽകുകയും സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ ഓരോ പഞ്ചായത്തിനും മരുന്നും മറ്റും വാങ്ങുന്നതിനായി 5000/- രൂപ (അയ്യായിരം രൂപ മാത്രം) ചെലവഴിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ മരുന്നും മറ്റും വാങ്ങുന്നതിന് കർഷകർക്ക് ചെലവായ തുക അനുവദിച്ച് കിട്ടുന്നതിനും മരണപ്പെട്ട മൃഗങ്ങളുടെ കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനുമുള്ള നടപടി സ്വീകരിച്ചു |

| | | | |
|---|---|---|---|
| | | | വരുന്നു. ഹരിപ്പാട് മണ്ഡലത്തിൽ ഇപ്പോൾ രോഗം നിയന്ത്രണവിധേയമാണ്. |

സെക്ഷൻ ഓഫീസർ